**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2902** **03-08-2021 - ൽ മറുപടിയ്ക്ക്**

**അപകടമരണത്തിന് നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | **Shri Antony Raju**<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. ബസും സ്കൂട്ടറുമായി ഇടിച്ച് കോഴിക്കോട് കരുവട്ടൂർ ഗ്രാമപഞ്ചായത്തിലെ പയിമ്പ്ര, പണ്ടാരപ്പറമ്പ്, പുറായിൽ മുഹമ്മദ് മരിച്ചതിനെത്തുടർന്ന് നഷ്ടപരിഹാരമായി 8,38,500/- രൂപ നൽകാൻ കോടതി സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; | (എ) | വിധി തുക കെട്ടിവയ്ക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | എന്നാണ് ഇതു സംബന്ധിച്ച വിധിയുണ്ടായതെന്ന് വ്യക്തമാക്കാമോ; | (ബി) | 29.08.2019-ൽ കോടതി വിധി ഉണ്ടായി. |
| (സി) | നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് അടിയന്തരനടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മരിച്ചയാളുടെ ഭാര്യ ശ്രീമതി ടി.സി. ബുഷ്റ അപേക്ഷ നൽകിയിട്ടുണ്ടോ; പ്രസ്തുത തുക നൽകുന്നതിൽ കാലതാമസം വരുന്നതിനിടയാക്കിയ കാരണം വിശദമാക്കാമോ; മറ്റു വരുമാന മാർഗ്ഗമൊന്നുമില്ലാത്ത ഈ കുടുംബത്തിന് തുക എപ്പോൾ ലഭ്യമാക്കുമെന്ന് വ്യക്തമാക്കാമോ? | (സി) | ശ്രീമതി. ബുഷ്റ നൽകിയ അപേക്ഷ കെ.എസ്.ആർ.ടി.സി.യിൽ ലഭിച്ചിരുന്നു. അപകട നഷ്ട പരിഹാരം ആവശ്യപ്പെട്ട് ശ്രീമതി. ബുഷ്റ ബഹു. കോഴിക്കോട് എം.എ.സി.റ്റി-യിൽ ഫയൽ ചെയ്ത ഒ.പി.(എം.വി) 735 2012-ലെ വിധിത്തുകയായ 5,82,500/- രൂപ 7.5% പലിശ ഉൾപ്പെടെ കോർപ്പറേഷൻ കടക്കാരിക്ക് 03/12/2014-ാം തീയതിയിലെ 712870 മുതൽ 712879-ാം നമ്പർ വരെയുള്ള ചെക്ക് പ്രകാരം നൽകിയിരുന്നു. വിധിത്തുക അധികരിച്ച് ലഭിക്കുന്നതിലേക്കായി അപേക്ഷക ബഹു. ഹൈക്കോടതിയിൽ എം.എ.സി.എ നം. 2974/2014 ഫയൽ ചെയ്യുകയും ബഹു. ഹൈക്കോടതി അപേക്ഷ കയ്ക്ക് 8,38,500/- രൂപ 7.5% പലിശ ഉൾപ്പെടെ അധികമായി അനുവദിക്കാൻ വിധി പുറപ്പെടുവിക്കുകയും ചെയ്തു. പ്രസ്തുത വിധി നടപ്പിലാക്കുന്നതിനുവേണ്ടി കോർപ്പറേഷൻ 13,41,255/- രൂപയുടെ നടപടി ക്രമം (Proceedings) പുറപ്പെടുവിച്ചിട്ടുണ്ട്. കോർപറേഷന്റെ നിലവിലെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ഈ തുക നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ